കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1989/17 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം, തീയതി.17.10.2017

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവ യിലെ വ്യവസ്ഥകൾ പ്രകാരം അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23 (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെയും 3-ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദി കളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സഹിതം),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

3) കാര്യാലയ പകർപ്പ്.

4) സ്പെയർ.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/1989/17 തീയതി: 17.10.2017

## തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18.06.16 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 29 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03.10.2017 മുതൽ 07.10.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ.മുഹമ്മദ് സലിം.എ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ലേഖ.എം.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.ശ്യാമപ്രിയ .എസ് .എസ് . | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| ശ്രീ.അരുൺ ദേവ് .വി.ആർ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ക്രിസ്റ്റി സൈമൺ | 01.04.16 മുതൽ 31.03.17 വരെ | തുണ്ടുപുരയിടം, പള്ളിക്കുസമീപം, അഞ്ചുതെങ്ങ് |
| സെക്രട്ടറി | ശ്രീ.ബാലാനന്ദൻ (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.04.16 മുതൽ 29.04.16 വരെ | ശിവകൃപ, മാമം പി.ഒ, ആറ്റിങ്ങൽ |
| | ശ്രീ.സുമേഷ്.കെ.ആർ | 30.04.16 മുതൽ 25.12.16 വരെ | റ്റി.സി.14/389(1), ആമ്പാടി, എക്സ്ട്രാ പോലീസ് റോഡ്, പാളയം, റ്റി.വി.എം |
| | ശ്രീ.ശ്രീകുമാർ.ജി | 26.12.16 മുതൽ 31.12.16 വരെ | |
| | ശ്രീ.സുമേഷ്.കെ.ആർ | 01.01.17 മുതൽ 31.03.17 വരെ | റ്റി.സി.14/389(1), ആമ്പാടി, എക്സ്ട്രാ പോലീസ് റോഡ്, പാളയം, റ്റി.വി.എം |

| | | | |
|---|---|---|---|
| | | | |

നിർവ്വഹണോദ്യോഗസ്ഥർ

| | പേര് | കാലയളവ് | മേൽവിലാസം |
|---|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി.ഷൈനാഹാഷിം | 01.04.2016 മുതൽ 19.10.2016 വരെ | കുന്നവിള, കുരയ്ക്കണ്ണി, വർക്കല പി.ഒ |
| | ശ്രീമതി.മാധുരി.കെ.ജി | 20.10.2016 മുതൽ 31.03.2017 വരെ | മധുരിമ, റ്റി.സി.50/1073(1), തളിയൽ, കരമന, തിരുവനന്തപുരം |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ശ്യാംജി.വോയ്സ് | 01.04.2016 മുതൽ 31.03.2017 വരെ | ഗേളിമഹൽ, പുന്നമൂട്, വർക്കല.പി.ഒ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സാബു.ആർ | 01.04.2016 മുതൽ 10.07.2016 വരെ | ചൈതന്യ, ചാവർകോട് |
| | ഡോ.തങ്ക | 11.07.2016 മുതൽ 31.03.2017 വരെ | കണിയൻവിളാകം, ശാർക്കര, ചിറയിൻകീഴ്, 695304 9495902057 |
| മെഡിക്കൽ | ഡോ.ഷീജ | 01.04.2016 | സ്മൃതി, ആലംകോട് |

| | | | |
|---|---|---|---|
| ഓഫീസർ (ആയുർവേദം) | | മുതൽ 12.08.2016 വരെ | പി.ഒ, ആറ്റിങ്ങൽ |
| | ഡോ.റസീന ബീവി.എം | 13.08.2016 മുതൽ 31.03.2017 വരെ | ജബ്ബാർ ബിൽഡിംഗ്, നിലക്കാമുക്ക്, കടയ്ക്കാവൂർ പി.ഒ |
| വെറ്റിനറി സർജൻ | ഡോ.രശ്മി.റ്റി.എസ് | 01.04.2016 മുതൽ 31.03.2017 വരെ | ശിശുവിഹാർ, ചിറ്റാറ്റിൻകര, കിഴവിലം പി.ഒ, ആറ്റിങ്ങൽ |
| വി.ഇ.ഒ | ശ്രീമതി. സിനി.എസ്.എസ് | 01.04.2016 മുതൽ 07.12.2016 FN വരെ | എൻ.എസ് സദനം, മുടപുരം പി.ഒ, ചിറയിൻകീഴ് |
| | ശ്രീ.നിസ്സാം.റ്റി.എസ് | 07.12.2016 AN മുതൽ 06.02.2017 FNവരെ | എസ്.ബി.ഹൗസ്, തുമ്പോട്, കല്ലറ പി.ഒ |
| | ശ്രീ.നൗഫൽ.എ.എച്ച് | 06.02.2017 AN മുതൽ 31.03.2017 വരെ | കരിക്കകത്ത് വീട്, കണിയാപുരം പി.ഒ |
| സബ് ഇൻസ്പെക്ടർ ഓഫ് | ശ്രീ.വിഷ്ണു.എസ്.രാജ് | 01.04.2016 മുതൽ 31.03.2017 | വാഴപ്പള്ളി വീട്, ആദിച്ചനല്ലൂർ പി.ഒ, കൊല്ലം - 691573 |

| | | | |
|---|---|---|---|
| ഫിഷറീസ് | | വരെ | |
| കൃഷിഓഫീസർ | ശ്രീ.എൻ.ചിത്തരഞ്ജൻ | 01.04.2016 മുതൽ 31.03.2017 വരെ | റ്റി.സി.14/405(1), ഫ്രണ്ട്സ് നഗർ, പൂന്തി റോഡ്, കുമാരപുരം, മെഡിക്കൽ കോളേജ് പി.ഒ, തിരുവനന്തപുരം |
| ICDS സൂപ്പർവൈസർ | ശ്രീമതി. ഉഷാകുമാരി.ആർ | 01.04.2016 മുതൽ 31.03.2017 വരെ | കൃഷ്ണ ലാന്റ് , അവനവൻഞ്ചേരി പി.ഒ, ആറ്റിങ്ങൽ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ഗീത.ജി.ആർ | 01.04.2016 മുതൽ 31.03.2017 വരെ | ഗീതാഞ്ജലി, മുട്ടപ്പലം, എസ്.വി.പുരം പി.ഒ, വർക്കല |
| അസി. സെക്രട്ടറി | ശ്രീ.എസ്.ബാലാനന്ദൻ | 01.04.2016 മുതൽ 23.12.2016 വരെ | ശിവകൃപ, മാമം പി.ഒ, ആറ്റിങ്ങൽ |
| | ശ്രീ.വി.ജി.ഗോപകുമാർ | 24.12.2016 മുതൽ 31.03.2017 വരെ | സോപാനം,മച്ചേൽ പി.ഒ, മലയിൻകീഴ്, തിരുവനന്തപുരം |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമ പദ്ധതികൾ | 1.8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 |
| 10 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.10 |
| 11 | അനുബന്ധ പത്രികകൾ | 1.11 |

| | | |
|---|---|---|
| | ഭാഗം -2 | |
| 12 | *വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം* | 2.1 |
| 13 | മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 2.2 |
| 14 | വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ- വസ്തുനികുതി ഈടാക്കുന്നില്ല | 2-3 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത | 2-4 |
| 16 | ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 2-5 |
| 17 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല | 2-6 |
| 18 | ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല | 2-7 |
| 19 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ | 2-8 |

| | | |
|---|---|---|
| | പ്രവർത്തിക്കുന്നു | |
| 20 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | 2-9 |
| 21 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-10 |
| | ഭാഗം -3 | |
| 22 | അധിക ആനുകൂല്യം നൽകി ചെലവ് തുക 5647/- നിരാകരിക്കുന്നു | 3.1 |
| 23 | വാറ്റ് കുറവായി ഈടാക്കിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം | 3.2 |
| 24 | റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗം - സർക്കാർ നിർദേശം പാലിച്ചില്ല | 3.3 |
| 25 | ചെലവ് തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3.4 |
| 26 | സാന്ത്വന ചികിത്സ പദ്ധതി - ചെലവ് തുകയ്ക്കുള്ള മരുന്നുകൾ/സാധനങ്ങൾ പൂർണ്ണമായും ലഭ്യമായില്ല | 3.5 |

| | | |
|---|---|---|
| 27 | എച്ച്.എം നടപ്പിലാക്കിയ പദ്ധതി - അപാകങ്ങൾ | 3.6 |
| 28 | രേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-7 |
| 29 | വി.ഇ.ഓ യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കു വരുത്തണം | 3-8 |
| 30 | ഒ.ഡി.എഫ്. മൂന്ന് ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല. | 3-9 |
| 31 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നല്കൽ - ഫർണിച്ചർ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. | 3-10 |
| 32 | സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം- അവലോകനം | 3-11 |
| 33 | തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-12 |
| | ഭാഗം -4 | |
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 |
| 35 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 |

| | | |
|---|---|---|
| | | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 |
| 37 | വായ്പ തിരിച്ചടവ് | 4.4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4.5 |
| 39 | ഓഡിറ്റ് റിക്കവറി | 4.6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4.8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| തീരുമാനം നം. | 27.06.17 ലെ അജണ്ട (1) |
| പ്രതീക്ഷിത വരവ് | 98110272 |

| | |
|---|---|
| ചെലവ് | 96342720 |
| നീക്കിയിരിപ്പ് | 1767552 |

## 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വ്രഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 07.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻ ബാക്കി | 2029585 |
| വരവ് | 42297964 |
| ആകെ | 44327549 |
| ചെലവ് | 41074244 |
| നീക്കിയിരുപ്പ് | 3253305 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 0 | 15371162 | 15371162 | 15371162 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 494934 | 494934 | 494934 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 13446 | 13446 | 13446 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2585715 | 2585715 | 2585715 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3580946 | 3580946 | 3580946 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 3887238 | 3887238 | 3887238 | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 2664735 | 2664735 | 2664735 | 0 |

വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. General Ledger Trial Balance പ്രകാരം 2015-16 -ലെ ആകെ നീക്കിയിരിപ്പ് 198717149/-രൂപയാണ്. എന്നാൽ 2016-17-ലെ General Ledger Trial Balance പ്രകാരമുള്ള മുന്നിരിപ്പ് 17443492/-രൂപയാണ്. (ഓഡിറ്റ് അന്വേഷണം നം.18-ന് Software-ൽ വന്ന അപാകത മൂലമാണെന്നും updation നടത്തി അത് പരിഹരിച്ചു എന്നറിയിച്ചിട്ടുണ്ട്)
2. Income & Expenditure Statement പ്രകാരം വരവ് (Income) 80763762/-രൂപയും ചെലവ് (Expenditure) 83403422/- രൂപയുമാണ്.
3. 2015-16 വാർഷികധനകാര്യപത്രിക B-15 Schedule പ്രകാരം 411190101 (Receivables for profession tax )ഹെഡിലെ കുടിശ്ശിക 3690/-രൂപയാണ്. 2016-17 വാർഷികധനകാര്യപത്രിക RP-43 Schedule പ്രകാരം കുടിശ്ശികയായി ഈടാക്കിയത് 5760/- രൂപയാണ്.
4. D.C.B.ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് | രജിസ്റ്റർ പ്രകാരമുള്ള വരവ്/സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ളത് |
|---|---|---|---|
| 1 | തൊഴിൽ നികുതി(കുടിശ്ശിക) | 5760 | 6360 |

| | | | |
|---|---|---|---|
| 2 | ഡി&ഒ (തൻ വർഷം) | 11150 | 13300 |
| 3 | ഡി&ഒ (കുടിശ്ശിക) | 2100 | 2600 |
| 4 | കെട്ടിട നികുതി(ഡിമാന്റ്) | 724401 | 766624 |
| 5 | കെട്ടിട നികുതി(കളക്ഷൻ) | 636358 | 286899 |
| 6 | കെട്ടിട നികുതി(ബാലൻസ്) | 1165897 | 429973 |

5. VPFA-II(A),II(B),II(C),III,IV,V അക്കൗണ്ടുകളുടെ ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
6. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.
7. B-18 Schedule-ൽ imprest തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 95 | 66 | 5 | 24 | 69 |

| മേഖല | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| ഉല്പാദന മേഖല | 16 | 9 | 36,27,415 | 11,16,615 | 30.78 |
| സേവനം | 46 | 40 | 4,12,28,074 | 2,22,20,414 | 53.89 |
| പശ്ചാത്തലം | 33 | 18 | 2,18,77,457 | 70,69,616 | 32.31 |

പദ്ധതി നിർവ്വഹണത്തിൽ ഗ്രാമപഞ്ചായത്ത് അധികൃതർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കാർഷികമേഖലയിലെയും മത്സ്യബന്ധന മേഖലയിലെയും പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതും പശ്ചാത്തല മേഖലയിലെയും പദ്ധതികൾ ഗുണഭോക്താക്കൾക്ക് പൂർണ്ണമായും പ്രയോജനപ്പെടും വിധം നടപ്പാക്കേണ്ടതുമാണ്. ഫണ്ടിന്റെ

ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തി പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും അംഗീകാരം ലഭിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനതു വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+/_) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 702895 | 617630 | -85265 | -12.13 |
| കെട്ടിട നികുതി | 397421 | 636358 | +238937 | +60.12 |
| *നികുതിയേതര വരവുകൾ* | | | | |
| ഡി & ഒ ലൈസൻസ് | 17400 | 13250 | -4150 | -23.85 |
| മറ്റു വരവുകൾ (ഇനം തിരിച്ച്) | 93375 | 87205 | -6170 | -6.61 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 6 | 54130 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 805 | 7887870 |
| വാർദ്ധക്യകാല പെൻഷൻ | 1662 | 14876890 |
| വികലാംഗ പെൻഷൻ | 309 | 2938645 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 35 | 406060 |
| തൊഴിൽ രഹിത വേതനം | 98 | 150240 |
| വിധവകളുടെപെൺമക്കൾക്കുള്ള ധനസഹായം | 1 | 30000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.10.2017 രാവിലെ 10.10 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 28366/- രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.2017 | 7/17 മുതൽ 8/17 വരെ | ഇല്ല | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.03.2014 മുതൽ 25.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 09.05.2014 | - |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം

*1996 ലെ കേരള ബിൾഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 69790/-രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 698/- രൂപ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും ഭാവിയിൽ ഇത്തരത്തിൽ നഷ്ടമുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.*

## 2-2 മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റിലയൻസ് കമ്മ്യൂണിക്കേഷൻ ടവറിൽ നിന്നും 2013- 14 മുതൽ വസ്തുനികുതി ഈടാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു

Reliance Communication, Door NO 6/563/

| SL.No | Year | Period | Pro.Tax | LC | TotalTax |
|---|---|---|---|---|---|
| 1 | 2013-14 | Ist Half | 6000 | 300 | 6300 |
| 2 | 2013-14 | IInd Half | 6000 | 300 | 6300 |
| 3 | 2014-15 | Ist Half | 6000 | 300 | 6300 |

| | | | | | |
|---|---|---|---|---|---|
| 4 | 2014-15 | IInd Half | 6000 | 300 | 6300 |
| 5 | 2015-16 | Ist Half | 6000 | 300 | 6300 |
| 6 | 2015-16 | IInd Half | 6000 | 300 | 6300 |
| 7 | 2016-17 | Ist Half | 6000 | 300 | 6300 |
| 8 | 2016-17 | IInd Half | 6000 | 300 | 6300 |
| ആകെ | | | 48000 | 2400 | 50400 |

മേൽ വിഷയത്തിന്മ നൽകിയ ഓഡിറ്റ് അന്വേഷണം നം 23 ന് ആർ.ആർ നോട്ടീസ് അയയ്ക്കുകയും തുടർ നടപടികൾ നടന്നു വരുകയുമാണെന്ന് അറിയിച്ചു.

## 2-3 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ- വസ്തുനികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിവയിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

*1) വിദ്യാഭ്യാസ സ്ഥാപനങ്ങൾ*

PRABHAKARAN, Door NO 1/78/

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 2015 -16 | Ist Half | 25.00 | 2.00 | 27.00 |
| 2 | 2015 -16 | IInd Half | 27.00 | 1.00 | 28.00 |
| 3 | 2016-17 | Ist Half | 27.00 | 2.00 | 29.00 |
| 4 | 2016-17 | IInd Half | 27.00 | 1.00 | 28.00 |

Prasannan, Door NO 5/14/

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2016-17 | Ist Half | 56.00 | 3.00 | 59.00 |
| 2 | 2016-17 | IInd Half | 56.00 | 3.00 | 59.00 |

Sneharam study home, Door NO 8/37/

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2014-2015 | Ist Half | 500.00 | 25.00 | 525.00 |

| | | | | | |
|---|---|---|---|---|---|
| 2 | 2014-2015 | IInd Half | 500.00 | 25.00 | 525.00 |
| 3 | 2016-2017 | Ist Half | 500.00 | 25.00 | 525.00 |
| 4 | 2016-2017 | IInd Half | 500.00 | 25.00 | 525.00 |

*2) ആശുപത്രി*

SHANAVAS.S, KOCHU VEEDU, Door NO 3/325

| SL.No | Year | Period | Pro.Tax | LC | Total Tax |
|---|---|---|---|---|---|
| 1 | 2015-2016 | Ist Half | 180.00 | 9.00 | 189.00 |
| 2 | 2015-2016 | IInd Half | 180.00 | 9.00 | 189.00 |
| 3 | 2016-2017 | Ist Half | 180.00 | 9.00 | 189.00 |
| 4 | 2016-2017 | IInd Half | 180.00 | 9.00 | 189.00 |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം.24-ന് കുടിശ്ശിക അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നികുതി കൃത്യമായും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കിയതിൽ അപാകത

2016-17 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ വന്നിട്ടുള്ള അപാകങ്ങൾ ചുവടെ ചേർക്കുന്നു.

*1) തൊഴിൽനികുതി ഈടാക്കിയതിൽ കുറവ്*

| ക്രമ നം | ജീവനക്കാർ/ സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | വ്യത്യാസം |
|---|---|---|---|---|---|
| 1 | ഷാജി.പി (EW), കെ.എസ്.ഇ.ബി | ഒന്നാം അർദ്ധവർഷം | 1250 | 1000 | 250 |
| 2 | ബി.ജെ.ഫിനാൻസ് | രണ്ടാം അർദ്ധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | | |
| 3 | അമേയ ഫിനാൻസ് | രണ്ടാം അർദ്ധവർഷം | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | | |

*2) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.*

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | ബി.ജെ.ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | അമേയ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷം |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം.13-ന് നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു.

## 2-5 ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

www.keralataxes.gov.in/kmldealers വെബ്സൈറ്റ് പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ലൈസൻസ്ഡ് മണി ലെൻഡേഴ്സിൽ (List of Licence holders under Kerala Money Lenders Act 1958 as on 15-May-2014) നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

| Licence No. | Dealer Name | Business Name | Business Address |
|---|---|---|---|
| 32010537879 | BHARGHAVAN | BABITHA FUND | NIL, XI/145, ANCHUTHENG, XI, ANCHUTHENG, ANCHUTHENG |
| 32010544056 | BABU | LEKSHMI FINANCE | GEETHA BHAVAN, 45, ANCHUTHENGU, 5, |

*മേൽ വിവരം കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 13 ന് ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള വാർഡ് തല അന്വേഷണം നടത്തി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചു.*

## 2-6 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 (1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ ചട്ടം 3-ന് അനുബന്ധമായിട്ടുള്ള പട്ടികയിൽ 149-ാമത്തെ ഇനമായി റേഷൻ റീട്ടെയിൽ ഷോപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്) വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat. kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 15 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും

## ലൈസൻസ് എടുത്തിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിൽ എഴുതി സൂക്ഷിച്ചിട്ടുള്ള ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 74 വ്യാപാര സ്ഥാപനങ്ങളാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. എന്നാൽ 2016-17 സാമ്പത്തിക വർഷം 51 വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് ഡി ആന്റ് ഓ ലൈസൻസ് എടുത്തിട്ടുള്ളത്.

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം 14 ന് ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഡി & ഒ രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷം ലൈസൻസ് എടുത്തതിൽ താഴെ പറയുന്നവർ 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടില്ല.

| പേര്, മേൽവിലാസം | വാർഡ് നം,<br>കെട്ടിട നം. | സ്ഥാപനം |
|---|---|---|
| രാജു, ഹെലൻ മേരി, ജി.എൽ. നിവാസ് | III/101 | ഓബിയം എൻജിൻ വർക്ക് ഷോപ്പ് |
| സുരേഷ്.എസ്, എസ്.ആർ.ഭവൻ, നെടുങ്ങണ്ട | I/92 | തയ്യൽ കട |
| എസ്.തങ്കച്ചൻ, മുഖ്യസ്ഥൻപറമ്പ്, അഞ്ചുതെങ്ങ് | VIII/207 | മണ്ണെണ്ണ ചില്ലറ വ്യാപാരം |

| | | |
|---|---|---|
| സുമ ജോൺ, വേലിക്കകം, പൂത്തുറ, അഞ്ചുതെങ്ങ് | VIII/254 | ഗ്ലാമർ ടച്ച് ഹെർബൽ ബ്യൂട്ടി പാർലർ |
| ബ്രിജിറ്റ്, പൊയിലക്കട, മാമ്പള്ളി, അഞ്ചുതെങ്ങ് | V/296 | ടേക്കിൾ സ്റ്റോർ |
| ഫ്ലോറ ബെയ്സൽ, ഫോർട്ട് ഹൗസ്, അഞ്ചുതെങ്ങ് | IX/228 | ഫ്ലോറ സ്റ്റോർ |
| ജോസഫ് മാത്യൂ, കിടങ്ങ്പുരയിടം, അഞ്ചുതെങ്ങ് | IX/131 | സ്റ്റേഷനറി കച്ചവടം |
| ഡോ.സത്യവാസൻ, കാർത്തിക ഇല്ലം, ചാവർകോട് | V/376 | വൈഷ്ണവ് ആയുർവ്വേദം |
| റജി, വിളക്കുമാടം, അഞ്ചുതെങ്ങ് | VII/223A | കരുണാമയൻ (മെഴുകുതിരി വ്യാപാരം) |
| ഷാജൻ.എസ്, വയലിൽ വീട്, അഞ്ചുതെങ്ങ് | XII/23 | കൊച്ചിൻ ബേക്കറി |
| ജെക്കോൺ ജോൺ, മുഖ്യസ്ഥൻപറമ്പ്, അഞ്ചുതെങ്ങ് | VIII/295 | സെബലൂൺ സ്റ്റോർ |
| ആഗ്നസ്, അജയ്ഭവൻ, ചെക്കുംമൂട്, അഞ്ചുതെങ്ങ് | VII/181 | പൊന്നൂസ് ഗാർമെൻസ്, പലചരക്ക് സ്റ്റോർ |

| | | |
|---|---|---|
| മെറ്റിൽഡ, വാടയിൽമൂലയിൽ വീട്, അഞ്ചുതെങ്ങ് | VII/401 | ബഥേൽ സ്റ്റേഷനറി |
| നിഷി, നിഷി ഭവൻ, അഞ്ചുതെങ്ങ് | VI/402 | നിഷി സ്റ്റോർ |
| മേരിക്കുട്ടി, തിപ്പായിവിളാകം, മാമ്പള്ളി, അഞ്ചുതെങ്ങ് | XII/236 | നല്ലിടയൻ കല്ല്യാണ സ്റ്റോർ |
| രവീന്ദ്രൻ, വിളക്കുവിളാകം, അഞ്ചുതെങ്ങ് | - | മാർബിൾ, ഗ്രാനൈറ്റ് ചില്ലറ വ്യാപാരം |
| ഷൈൻ ലോറൻസ്, തൈക്കുടം പുരയിടം, അഞ്ചുതെങ്ങ് | - | വള്ളം നിർമ്മാണം |
| പ്രമീള, മൂലൈത്തോട്ടം, തിടയിൽ വീട്, കായിക്കര | - | തയ്യൽക്കട |
| വിക്ടർ ടൈറ്റസ്, മാടൻവിളാകം, അഞ്ചുതെങ്ങ് | - | എഞ്ചിൻ ഓയിൽ സെയിൽസ് |
| റെക്സ് ഗിൽറ്റസ്, സീവ്യൂവ് | - | ഇലക്ട്രിക്കൽ ഹാർഡ് വെയർ |
| സുരേഖ.എസ്, നെടിയവിള വീട്, കീഴാറ്റിങ്ങൽ | - | സിമന്റ് വ്യാപാരം |
| മേരി സുരേഷ്, പഴയബംഗ്ലാവ്, തോണിക്കടവ് | - | പലചരക്ക് വ്യാപാരം |

| | | |
|---|---|---|
| | | |
| ആന്റണി ഇഗ്നേഷ്യസ്.എ.ജെ, ലിയ ഹൗസ്, തിടയിൽ പുരയിടം, കടയ്ക്കാവൂർ | - | പലചരക്ക് വ്യാപാരം |
| ആന്റണി, മൂപ്പക്കുടി പുരയിടം, അഞ്ചുതെങ്ങ് | - | വള്ളം നിർമ്മാണം |

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി നം.14- ന് ഈ സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-9 വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്തിലെ 2016-17 വർഷത്തെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് (കുടിശ്ശിക ഉൾപ്പെടെ) | കളക്ഷൻ | ബാലൻസ് | പിരിവിന്റെ ശതമാനം |
|---|---|---|---|---|
| 2016-17 | 1837663 | 636358 | 1201305 | 34.62% |

വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല. 2015-16വർഷം 51.81% കളക്ഷൻ ഉണ്ടായിരുന്നത് 2016-17 വർഷം 34.62% ആയി കുറഞ്ഞു. 2015-16വർഷം ഈ ഇനത്തിലുള്ള കുടിശ്ശിക 369277/- രൂപയായിരുന്നത് 2016-17 വർഷം 1201305/- രൂപയായി ഉയർന്നിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി പൂർത്തീകരിച്ച് പരിഷ്കരിച്ച നിരക്കിൽ വസ്തു നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്)

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/ 2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് അന്വേഷണം നം.2-ന് ടെണ്ടർ ഫോറം വില തിരികെ ഈടാക്കിയിട്ടില്ല എന്ന് മറുപടി ലഭിച്ചു. ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട തുക ഈടാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അധിക ആനുകൂല്യം നൽകി ചെലവ് തുക 5647/- നിരാകരിക്കുന്നു

മോർത്ത്/മോർഡ-സ്പെസിഫിക്കേഷൻ അനുസരിച്ച് ബെനിഫിഷറി കമ്മിറ്റി പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓവർ ഹെഡ് ചാർജിന്റെ 7.5 % കിഴിച്ചുള്ള തുക തിരികെ പിടിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ കരാർ ഉടമ്പടിയിൽ ഏർപ്പെട്ട പ്രവൃത്തികൾക്ക് മേൽ നിബന്ധന ഉൾപ്പെടുത്തി സപ്ലിമെന്ററി ഉടമ്പടി വച്ച് ഓവർഹെഡ് ചാർജ് 7.5 % പരിമിതപ്പെടുത്താൻ നിർദേശിച്ചിരുന്നു. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് ഇത് പാലിച്ചിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിൻ (28/16-17) കൺവീനർമാരിൽ നിന്നും മേൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്.

| പ്രോജക്ട് നം. | എം ബുക്ക് നം. | ബിൽനം, തീയതി | കുറവ് ചെയ്ത തുക | കുറയ്ക്കേണ്ട തുക | അധിക ആനുകൂല്യം നൽകിയത് |
|---|---|---|---|---|---|
| 88/16-17 | 108/16-17 | 6/16-17, 24.03.17 | 4906 (327059 x 1.5%) | 8176 (327059 x 2.5 %) | 3270 |

| | | | | | |
|---|---|---|---|---|---|
| 106/16-17 | 179/16-17 | 8/16-17, 21.03.17 | 685 (45662 x 1.5%) | 1142 (45662 x 2.5%) | 457 |
| 104/16-17 | 108/16-17 | 6/16-17, 24.03.17 | 2880 (191998 x 1.5%) | 4800 (191998 x 2.5%) | 1920 |
| ആകെ | | | 8471 | 14118 | 5647 |

ഇപ്രകാരം അധികം നൽകിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 വാറ്റ് കുറവായി ഈടാക്കിയതിനാൽ സർക്കാർ ഫണ്ടിന് നഷ്ടം

കൺവീനർ പ്രവൃത്തികൾക്ക് നിയമാനുസൃതം വാറ്റ് 5 % ആണ് ഈടാക്കേണ്ടത് എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് 4 % മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇപ്രകാരം വാറ്റിനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | എം ബുക്ക് നം. | ബിൽനം, തീയതി | കുറവ് ചെയ്ത തുക | കുറയ്ക്കേണ്ട തുക | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| SO100/16-17 | 176/16-17 | 7/16-17, 24.03.17 | 13088 (327194 x 4/100) | 16360 (327194 x 5/ 100) | 3272 |
| 86/16-17 | 107/16-17 | 5/16-17, | 11498, | 14372, | 2874 |

| | | | | | |
|---|---|---|---|---|---|
| | | 24.03.17 | (287444 x 4/100) | (287444 x 5 /100) | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയരി നം.19- ന് അധിക തുക നൽകിയത് കൺവീനറിൽ നിന്നും ഈടാക്കി ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ സർക്കാർ നിർദേശ മനുസരിച്ച് വാറ്റ് ഈടാക്കാൻ നിർവ്വണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗം - സർക്കാർ നിർദേശം പാലിച്ചില്ല

റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറികിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും പ്രസ്തുത ഫണ്ടിൽ ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങിയ പണികൾ ഏറ്റെടുക്കാവുന്നതാണ്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനം എടുത്ത ശേഷമായിരിക്കണം ഇത് നിർവ്വഹിക്കേണ്ടത് (സർക്കുലർ നം.68228/എഫ്.എം.1/2012/തസ്വഭവ, 28.11.12). ഗ്രാമ പഞ്ചായത്തിലെ 16-17 സാമ്പത്തിക വർഷത്തിൽ കേട്ടുപുര നടപാത നിർമാണം മേൽ നിർദേശത്തിനു വിരുദ്ധമായി നിർവഹിച്ചിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.19-ന് കമ്മിറ്റി തീരുമാനം ലഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. എന്നാൽ ഓഡിറ്റ് വേളയിൽ പ്രസ്തുത മിനിട്സ് ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഫണ്ട് വിനിയോഗം സർക്കാർ നിർദേശത്തിന് അനുസൃതമായിരിക്കാൻ നിർവ്വണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 ചെലവ് തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

2016-17 വർഷം വിവിധ പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിന് തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന്പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം.

| ക്രമ നം. | പ്രോജക്ട് നം/ പേര് (നിർവ്വഹണ ഉദ്യോഗസ്ഥൻ) | അടങ്കൽതുക/ ചെലവ് തുക/ ഫണ്ടിനം | ബിൽ നം/ തീയതി | തുക നൽകിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | SOO18/17, ഹോമിയോ ആശു പത്രിക്ക് മരുന്ന് വാങ്ങൽ, (മെഡി ക്കൽ ഓഫീസർ, ഹോമിയോ) | 100000/- (മെയിന്റ നൻസ് ഫണ്ട്- റോഡിതരം) | 1/16-17, 15.02.17, 100000/- | 100000/- രൂപ ഹോംകോയ്ക്ക് (A/C 34306403911) ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട് | മരുന്നുകൾ ലഭിച്ചിട്ടില്ല. |
| 2 | SOO19/17, ആയുർ വേദ ഡിസ്പെൻ സറിക്ക് മരുന്ന് വാങ്ങൽ, (മെഡി ക്കൽ ഓഫീസർ, ആയുർവേദം) | 200000/- (മെയിന്റ നൻസ് ഫണ്ട്- റോഡിതരം) | 1/16-17, 22.12.16, 200000/- | 200000/- രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട് | ഇതിൽ 141967/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചി ട്ടുള്ളത്. 58033/- രൂപ യുടെ മരുന്നുകൾ നാളി തുവരെ ലഭിച്ചിട്ടില്ല. |
| 3 | SOO20/17, വൃദ്ധജനങ്ങൾക്ക് മരുന്ന് വാങ്ങൽ, (മെഡിക്കൽ ഓഫീസർ, ആയുർവേദം) | 200000/- (വികസന ഫണ്ട്) | 2 /16-17, 22.12.16, 200000/- | 200000/- രൂപ പിൻവലിച്ച് ഔഷധിക്ക് നൽകിയിട്ടുണ്ട്. | ഇതിൽ 160100/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചി ട്ടുള്ളത്. 39900/- രൂപ യുടെ മരുന്നുകൾ നാളി തുവരെ ലഭിച്ചിട്ടില്ല. |

മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 സാന്ത്വന ചികിത്സ പദ്ധതി - ചെലവ് തുകയ്ക്കുള്ള മരുന്നുകൾ/സാധനങ്ങൾ പൂർണ്ണമായും ലഭ്യമായില്ല

പ്രോജക്ട് നം : SOO21/17

പേര് : സാന്ത്വന ചികിത്സ പദ്ധതി

അടങ്കൽ : 700000/-(വികസന ഫണ്ട്)

ബിൽ നം,തീയതി, തുക : CB 1/16-17, 14.11.16, 155187/-

CB 2/16-17, 16.12.16, 40000/-

CB 3/16/17, 22.02.17, 92985/-

CB 5/16-17, 20.03.17, 60000/-

CB 6/16-17, 22.03.17, 84433/-

CB 7/16-17, 23.03.17, 62150/-

CB 8/16-17, 23.03.17, 202000/-

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

മേൽ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകങ്ങളുണ്ട്.

| ബിൽ നം,<br>തീയതി,<br>തുക | തുക നൽകിയതിന്റെ വിശദാംശം | റിമാർക്സ് |
|---|---|---|
| CB 5/16-17,<br>20.03.17,<br>60000/- | ഇൻവോയിസ് നം. PRF 3872,20.0317 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ട്രാൻസ്ഫർ ചെയ്ത് നൽകിയത് | 41120/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്.<br>ബാക്കി 18880/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |

| | | |
|---|---|---|
| CB 8/16-17, 23.03.17, 202000/- | ഇൻവോയിസ് നം PRF 3872,20.0317 പ്രകാരം 100000/- രൂപയുടെ മരുന്നുകൾക്കും, PRF 3866, 20.03.17 പ്രകാരം 102000/- രൂപയുടെ വീൽ ചെയർ,വാക്കർ, സിറിഞ്ച്, കോമോഡ് ചെയർ എന്നിവയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ട്രാൻസ്ഫർ ചെയ്ത് നൽകിയത് | മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. ഇൻവോയിസ് നം.989, 13.06.17 പ്രകാരം 68731/-രൂപയ്ക്ക് വീൽ ചെയർ, സിറിഞ്ച് എന്നിവ മാത്രമാണ് ലഭ്യമായത്. 33269/- രൂപയുടെ സാധനങ്ങൾ ലഭ്യമായിട്ടില്ല. |

മരുന്നുകളും മറ്റ് സാധനങ്ങളും പൂർണ്ണമായും ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 എച്ച്.എം നടപ്പിലാക്കിയ പദ്ധതി - അപാകങ്ങൾ

പ്രോജക്ട് നം. : SO102/17

പേര് : പത്താംതരം തുല്യതയ്ക്ക് കോഴ്സ് ഫീ

അടങ്കൽ : 100000/-(വികസന ഫണ്ട്)

ബിൽ നം, തീയതി : SO102/17 course fee for 10th level edu, 27.03.17

തുക : 55500/-

പത്താംതരം തുല്യതാ കോഴ്സിന് 37വിദ്യാർത്ഥികളുടെ പരീക്ഷാ ഫീസിനത്തിൽ ആകെ 55500/- രൂപ (1500 x 37) വികസന ഫണ്ടിൽ നിന്നും (പൊതുവിഭാഗം) പിൻവലിച്ച് ജില്ലാ സാക്ഷരത മിഷന് നൽകിയിട്ടുണ്ട്. മേൽ പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

a) ഈ തുകയ്ക്കുള്ള കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

b) പഠിതാക്കളുടെ ഹോൾടിക്കറ്റ് / സർട്ടിഫിക്കററ് ഹാജരാക്കിയിട്ടില്ല.

മേൽ വിഷയം കാണിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.15-ന് 2016-17-ലെ പരീക്ഷ നടന്നിട്ടില്ലായെന്നും മറ്റ് രേഖകൾ ഹാജരാക്കാമെന്നും മറുപടി ലഭിച്ചു. രേഖകൾ നിയമാനുസൃതം വാങ്ങി സൂക്ഷിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 രേഖകൾ ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. : SO117/17

പേര് : ഭവന പദ്ധതി(ജനറൽ)

അടങ്കൽ : 180000/-(വി.ഫ.ജനറൽ,ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം, തീയതി : 14/29.11.16, 15/29.11.16

ചെലവ് തുക : 38444/-

നിർവ്വഹണം : വി.ഇ.ഒ

പ്രസ്തുത സ്പിൽ ഓവർ പ്രോജക്റ്റ് പ്രകാരം 2 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള അവസാന ഗഡു നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ.

ശ്രീമതി.ലത.സി.,തൈക്കൂട്ടം - 23857/-രൂപ

ശ്രീമതി.ജെനറ്റ്.മൈക്കൾ, പുതുവൽ പുരയിടം - 14587/-

ഗുണഭോക്താക്കളുടെ അപേക്ഷ,അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.20.) മറുപടിയിൽ രേഖകൾ പ്രസ്തുത കാലയളവിലെ വിർവഹണോദ്യോഗസ്ഥന്റെ കൈവശമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 38444/- രൂപ തടസ്സപ്പെടുത്തുന്നു. അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 വി.ഇ.ഒ.-യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ ഒടുക്കുവരുത്തണം

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പദ്ധതികൾക്കായി ആരംഭിച്ച ബാങ്ക് പാസ്ബുക്കിൽ (Ac no.LB 137 District Co operative bank, Varkala ) നിലവിൽ (03-08-2016) 1459474/- രൂപയുടെയും SBT അക്കൗണ്ടിൽ (no 67028732265) 25.04.16-ന് 927290/-രൂപയുടേയും ബാലൻസ് കാണുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സംബന്ധിച്ച വിശദാംശം, പ്രസ്തുത തുക ഏത് പ്രോജക്ടിനു വേണ്ടി അനുവദിച്ച താണെന്നുമുള്ള വിവരങ്ങൾ, തുക

ചെലവഴിക്കാതെ അവശേഷിക്കാനുണ്ടായ സാഹചര്യം എന്നിവ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29) നൽകിയ മറുപടിയിൽ അക്കൗണ്ടിൽ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കു ന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. തുക അടിയന്തിരമായി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്ക് വരുത്തി പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും തുടർ നടപടി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-9 ഒ.ഡി.എഫ്. മൂന്ന് ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നം. : SO044/17

പേര് : സ്വച്ഛ് ഭാരത് അഭിയാൻ - കക്കൂസ് നിർമ്മാണം (ഒ.ഡി.എഫ്.)

അടങ്കൽ : 6065800/-(വി.ഫ.ജനറൽ,ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ബിൽ നം, തീയതി : 01/22.09.16, 02/29.09.26, 03/05.10.16,

06/17.10.16, 07/18.10.16, 08/29.10.16,

09/07.11.16, 10/11.11.16, 11/11.11.16,

18/09.03.17, 16/30.12.16, 22/17.03.16

ചെലവ് തുക : 5735400/-

നിർവ്വഹണം : വി.ഇ.ഒ

ഗ്രാമപഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് സൗകര്യം ലഭ്യമാക്കുന്നതിന് വേണ്ടിയാണ് പ്രോജക്റ്റ് രൂപീകരിച്ചത്. 427 പേർക്ക് ആനുകൂല്യം നൽകുന്നതിനാണ് പ്രോജക്റ്റിൽ വിഭാവനം ചെയ്തിരുന്നത്. പ്രോജക്ട് പ്രകാരം 374 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. അതിൽ മൂന്ന് പേർ നാളിതുവരെയും പണി പൂർത്തീകരിച്ചിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് /മേൽവിലാസം | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീ.സഹായ രാജു,ചായക്കുടി പുരയിടം,അഞ്ചുതെങ്ങ് | 12000 |

| | | |
|---|---|---|
| 2 | ശ്രീമതി.ഷീല.ജോർജ്ജ്, മരിയ ഭവൻ, അഞ്ചുതെങ്ങ് | 5000 |
| 3 | ശ്രീ.ലോറൻസ്, ഇടയക്കുടി, അഞ്ചുതെങ്ങ് | 5000 |

പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളെകൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-10 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നല്കൽ -ഫർണിച്ചർ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

പ്രോജക്ട് നം : SO31/17

പേര് : മത്സ്യ തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 800000/-(വികസന ഫണ്ട്)

ചെലവ് തുക : 800000/-

ബിൽ നം, തീയതി, തുക : 1/16-17, 27.03.17

നിർവ്വഹണോദ്യോഗസ്ഥൻ : ഫിഷറീസ് സബ് ഇൻസ്പെക്ടർ.

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഫർണിച്ചർ വാങ്ങി നല്കുന്നതിന് വേണ്ടി വിഭാവനം ചെയ്ത മേൽ പ്രോജക്ടിൽ 200 കുട്ടികൾക്കായി 4000/- രൂപ വീതം വിലയുള്ള 800000/- രൂപയുടെ മേശയും കസേരയും ആർട്ട്കോയിൽ നിന്നും വാങ്ങി. ഇതിൽ 176 എണ്ണം വിതരണം ചെയ്തു. 24 എണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ഗുണഭോക്താക്കൾ രേഖകൾ ഹാജരാക്കുന്നതിലുള്ള താമസം കാരണമാണ് ഫർണിച്ചർ വിതരണം ചെയ്യാതെ അവശേഷിക്കുന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. ഫർണിച്ചർ അർഹരായ ഗുണ ഭോക്താക്കൾക്ക് വിതരണം ചെയ്തശേഷം വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 3-11 സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം- അവലോകനം സാംഖ്യ

സാംഖ്യ ഓൺലൈൻ സോഫ്റ്റ് വെയറുമായി ലോക്കൽ സാംഖ്യയെ synchronise ചെയ്യാത്തതിനാൽ ഇപ്പോൾ സാംഖ്യ വെബ്ബിൽ ചെയ്യുന്ന എല്ലാ അലോട്ട്മെന്റുകളും ലോക്കൽ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതായി വരും.

സ്ഥാപന

ജീവനക്കാർക്ക് ഡിഡക്ഷൻസ് രേഖപ്പെടുത്തുമ്പോൾ പൊതുവായിട്ടുള്ളവ ചിലപ്പോൾ one time add/delete ചെയ്യാൻ കഴിയുന്നില്ല. ചില ഡിഡക്ഷൻസ് add ചെയ്യാൻ സാധിക്കുമെങ്കിലും അവ നീക്കം ചെയ്യുന്ന സമയത്ത് run time error കാണിക്കും. ഈ സാഹചര്യത്തിൽ ജീവനക്കാരുടെ പ്രൊഫോർമ ഓരോന്നായി എഡിറ്റ് ചെയ്യേണ്ടിവരും

സഞ്ചയ വസ്തുനികുതി

ഔട്ട്ഡോർ കളക്ഷൻ പോസ്റ്റ് ചെയ്ത് അപ്രൂവ് ചെയ്താലും ചിലപ്പോൾ demand view/edit എടുക്കുമ്പോൾ കളക്ഷനിൽ കാണിക്കുന്നില്ല.

സചിത്ര- ആസ്തി

നിലവിൽ സചിത്ര സോഫ്റ്റ് വെയർ വെബ് ബേയ്സ് ആക്കിയിട്ടില്ല. സചിത്രയിൽ നിന്ന് ലഭിക്കുന്ന ആസ്തിയുടെ വിവരങ്ങൾ സംബന്ധിച്ച റിപ്പോർട്ട് യൂസർ ഫ്രണ്ട് ലി അല്ല.

സൂചിക- ഫ്രണ്ട് ഓഫീസ്

ന്യൂ ഇൻവേർഡ് സ്വീകരിക്കുമ്പോൾ ചില സമയത്ത് ഡേറ്റ് ഓഫ് ഡെലിവറി കൃത്യമായി വരാറില്ല. ഇൻവേർഡ് ഡേറ്റ് തന്നെ ഡെലിവറി ഡേറ്റായി വരും. മാന്വലായി തിരുത്തേണ്ടി വരുന്നുണ്ട്.

## 3-12 തൊഴിലുറപ്പ് പദ്ധതി - അവലോകനം

2016-17സാമ്പത്തിക വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുടെ അവലോകനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ കുടുംബങ്ങളുടെ എണ്ണം | 2500 |
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്ത<br>തൊഴിലാളികളുടെ എണ്ണം | 3124 |

| | |
|---|---|
| 2016-17സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 1739 |
| 2016-17സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1668 |
| 100ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 220 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 96 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 14 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 282 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 256 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 151 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 68822 |
| ലേബർ കംമ്പോണന്റ് | 20214830 |
| ആകെ വരവ് | 666024.5 |

| | |
|---|---|
| ആകെ ചെലവ് | 632347 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

ഇല്ല

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്യ്യ.എ | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 31.03.17 | 438234 | 0 | 438234 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44327549 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41074244 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5647 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 38444 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5647 | മാധുരി.കെ.ജി, അസി.എഞ്ചിനീയർ |

*(സി) ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ*

ഇല്ല

*(ഡി) സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ*

ഇല്ല

*(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 38444/- | ശ്രീമതി.സിനി.എസ്.എസ്, വി.ഇ.ഒ |

*(എഫ്)കേന്ദ്ര - സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ജി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(എച്ച്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെസ്ഥിരം മേൽവിലാസങ്ങൾ*

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മാധുരി.കെ.ജി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, LSGD അഞ്ചുതെങ്ങ് ഗ്രാമ പഞ്ചായത്ത്. | മധുരിമ, റ്റി.സി.50/1075(1), തളിയിൽ, കരമന, തിരുവനന്തപുരം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2004-05 | LFTDGP8.157/08 Dated. 01-07-2014 | - | - |
| 2006-07 | LFTDGP8.29206/09 Dated. 01-07-14 | - | - |
| 2007-08 | LFTDGP8./ 1223/09 Dated. 01-07-14 | - | - |
| 2008-09 | LFTDGP.8/1166/11 Dated.01-07-2014 | - | - |
| 2009-10 | LFTDGP.8/ 1167/11 Dated. 01-07-14 | - | - |

| | | | |
|---|---|---|---|
| 2010-11 | LFTDGP.8/ 2421/12 Dated. 01-07-14 | - | - |
| 2011-12 | LFDGP.8/1106/13 Dated. 05-10-13 | - | - |
| 2012-13 | LFTDGP.8/2583/14 Dated. 20-02-15/12-06-15 | - | - |
| 2013-14 | LFTDGP.8/1351/2015 Dated. 19-10-15 | - | - |
| 2014-15 | LFTDGP.8/1082/16 Dated. 30.06.16 | - | |
| 2015-16 | കെ.എസ്.എ/റ്റി.വി.എം.ജി.പി.8 1935 /2016, തിയതി. 15.11.2016 | 8 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് (4), 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ് അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-5ൽ വിശദീകരിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള ന്യൂനതകൾ ഒഴികെ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പും 2003 ജൂൺ 12-ലെ നമ്പർ- 3/19/2003/ധന തീയതി 12.06.2003 ഉത്തരവും അനുസരിച്ചാണ്.

## ന്യൂനതകൾ

വാർഷികധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. General Ledger Trial Balance പ്രകാരം 2015-16 -ലെ ആകെ നീക്കിയിരിപ്പ് 198717149/-രൂപയാണ്. എന്നാൽ 2016-17-ലെ General Ledger Trial Balance പ്രകാരമുള്ള മുന്നിരിപ്പ് 17443492/-രൂപയാണ്. (ഓഡിറ്റ് അന്വേഷണം നം.18-ന് Software-ൽ വന്ന അപാകത മൂലമാണെന്നും updation നടത്തി അത് പരിഹരിച്ചു എന്നറിയിച്ചിട്ടുണ്ട്)
2. Income & Expenditure Statement പ്രകാരം വരവ് (Income) 80763762/-രൂപയും ചെലവ് (Expenditure) 83403422/- രൂപയുമാണ്.
3. 2015-16 വാർഷികധനകാര്യപത്രിക B-15 Schedule പ്രകാരം 411190101 (Receivables for profession tax) ഹെഡിലെ കുടിശ്ശിക 3690/-രൂപയാണ്. 2016-17 വാർഷികധനകാര്യപത്രിക RP-43 Schedule പ്രകാരം കുടിശ്ശികയായി ഈടാക്കിയത് 5760/- രൂപയാണ്.
4. D.C.B.ഇനങ്ങളുടെ രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷികധനകാര്യപത്രിക പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് | രജിസ്റ്റർ പ്രകാരമുള്ള വരവ്/സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ളത് |
|---|---|---|---|
| 1 | തൊഴിൽ നികുതി(കുടിശ്ശിക) | 5760 | 6360 |
| 2 | ഡി&ഒ (തൻ വർഷം) | 11150 | 13300 |
| 3 | ഡി&ഒ (കുടിശ്ശിക) | 2100 | 2600 |
| 4 | കെട്ടിട നികുതി(ഡിമാന്റ്) | 724401 | 766624 |
| 5 | കെട്ടിട നികുതി(കളക്ഷൻ) | 636366 | 286899 |
| 6 | കെട്ടിട നികുതി(ബാലൻസ്) | 1165897 | 429973 |

5. VPFA-II(A),II(B),II(C),III,IV,V അക്കൗണ്ടുകളുടെ ട്രഷറി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.
6. ആസ്തി,സ്റ്റോക്ക് രജിസ്റ്ററുകൾ മൂല്യാധിഷ്ഠിതമായി പരിപാലിച്ചിട്ടില്ല.

7. B-18 Schedule-ൽ imprest തുക ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.